ലക്കം 31
ഡിസംബർ 2022

# Ishal Paithrkam

*Quarterly*

# ഇശൽ പൈതൃകം

ത്രൈമാസിക

Volume 31
December 2022

മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിളകലാ അക്കാദമി
കൊണ്ടോട്ടി
സാംസ്കാരിക കാര്യ വകുപ്പ്
കേരള സർക്കാർ

CONTENTS

Mahsa Amini Thoughts (Editorial)
*Dr. Shamshad Hussain K.T* 06

Naxalite Discourse as Counter- memory: A Study of Kerala's *Naxal Bari: Ajitha: Memoirs of a Young Revolutionary* as a Counter-narrative 10
*Jyothy S. S & Rajesh V. Nair*

Disease-stricken Bodies and Land: Care Ethics in Khaled Hosseini's *And the Mountains Echoed* 33
*Dr. Suja Mathew*

Disaster Preparedness of Local Government Institutions: A Study from Alappuzha District of Kerala 41
*Sreeja K & Dr. K Gireesan*

Globalizing Local Space and Knowledge: A Study on *Hortus Malabaricus* 54
*Minu Elizabeth George*

Land and the Indigenous Identity: A Reading of C K Janu's *The Mother Forest* and Mergaret Tucker's if *Eveyone Cared* 62
*Sreesakhi K*

Casteism as a Panoptic Edifice as Represented in Cho. Dharman's *Koogai* and Sharankumar Limbale's *Hindu* 76
*Saraswathi G & Dr. Suganthi K*

The Hunter and the Hunted: Problematizing Dalit Representation in the Movie Nayattu 89
*Harinarayanan S*

രുപിമസവിശേഷതകൾ കളിയാട്ടക്കാവിലെ തോറ്റംപാട്ടുകളിൽ 199
*ദീപ്തി കെ വി & ഡോ. സെയ്തലവി സി*

വടക്കൻപാട്ട് ദേശസങ്കല്പവും ഭാഷാവിചാരവും 214
*പ്രൊഫ. വി. ലിസി മാത്യു*

ഇസ്‌ലാമിക വീക്ഷണത്തിലെ പിന്തുടർച്ചാവകാശ നിയമവും ലിംഗനീതി സങ്കല്പനവും 222
*ഡോ. ഷംഷാദ് ഹുസൈൻ കെ.ടി*

തെയ്യം: ജൈവാവബോധത്തിന്റെ പ്രകടനകല 228
രൂപ ശശിധരൻ എ

*ഇഞ്ജീൽ ലൂഖ:* ഒരു വ്യത്യസ്ത ബൈബിൾ വിവർത്തനമാതൃക 239
*ഫാത്തിമ ഷഹന കെ*

എഴുത്തിന്റെ ഇടവും എഴുത്തിലെ ഇടവും 251
*ഡോ.സ്വപ്ന ആന്റണി*

പ്രതിരോധത്തിന്റെ ഭിന്നമുഖങ്ങൾ: രണ്ടു മത്സ്യങ്ങളിൽ 259
*വിഷ്ണു. പി. എ, & ഡോ. ബെന്നിച്ചൻ സ്കറിയ*

ഫാന്റസി എസ്. ഹരീഷിന്റെ കഥകളിൽ: തെരഞ്ഞെടുത്ത കഥകളെ ആധാരമാക്കിയുള്ള പഠനം 272
*നിമ്മി കുര്യൻ & ഡോ. ബെന്നിച്ചൻ സ്കറിയ*

നവീനസിദ്ധാന്തങ്ങളും സാഹിത്യവിമർശനവും 283
*ഡോ. സിസ്റ്റർ മിനിമോൾ മാത്യു*

# എഴുത്തിന്റെ ഇടവും
# എഴുത്തിലെ ഇടവും

ഡോ.സ്വപ്ന ആന്റണി

*സംസ്കാരപൈതൃകങ്ങളുടെ ആഖ്യാനവും പുനരാഖ്യാനവും ആയി സാഹിത്യകൃതികൾ പലപ്പോഴും മാറാറുണ്ട്. ദേശവും സംസ്ക്കാരവും ഒരെഴുത്തുകാരനെ രൂപപ്പെടുത്തുന്നതെങ്ങനെയെന്നും സാഹിത്യ കൃതികൾ ദേശത്തെ അടയാളപ്പെടുത്തുന്നതെങ്ങനെയെന്നും എൻ.പ്രഭാകരന്റെ ചെറുകഥകളെ അടിസ്ഥാനമാക്കി പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.*

**താക്കോൽ വാക്കുകൾ:** ആധുനികത, ഉപഭോഗസംസ്ക്കാരം, ഇടം, തദ്ദേശീയത, പാഠം, പ്രാദേശികത, ലോകവീക്ഷണം, സൗന്ദര്യാത്മകത, ഉത്തരാധുനികത, ആഗോളവൽക്കരണം.

സാഹിത്യം എല്ലാക്കാലത്തും ജീവിതത്തിന്റെ വിഭിന്നഭാവങ്ങളെ പ്രകാശിപ്പിച്ചിട്ടുണ്ട്. ഓരോ ചരിത്രഘട്ടത്തിലും അതിന്റെ സ്വഭാവത്തിൽ മാറ്റങ്ങളുണ്ടാകുന്നുവെന്നു മാത്രം. 1990-കളോടെയാണ് കേരളത്തിൽ ആഗോളവൽക്കരണം ഒരു തീവ്രയാഥാർത്ഥ്യമായി അനുഭവപ്പെടാൻ തുടങ്ങിയത്. ഇതിനോട് നമ്മുടെ എഴുത്തുകാർ പലമട്ടിൽ പ്രതികരിച്ചുപോന്നിട്ടുണ്ട്. ഇക്കൂട്ടത്തിൽ എഴുത്തിന്റെയും രാഷ്ട്രീയ ബോധത്തിന്റെയും സൂക്ഷ്മതകൊണ്ട് മലയാള ചെറുകഥയിൽ പുതിയഭൂപടം സൃഷ്ടിച്ച എഴുത്തുകാരനാണ് എൻ.പ്രഭാകരൻ. ആഗോളവൽക്കരണകാലത്തിന്റെ ദേശസംസ്കൃതിയെയും അധികാര രാഷ്ട്രീയ ബന്ധങ്ങളെയും മുൻനിർത്തി തന്റേതായൊരു എഴുത്തിടം പ്രഭാകരൻ അടയാളപ്പെടുത്തുന്നുമുണ്ട്. സാഹിത്യത്തിന്റെ സാമ്പ്രദായിക കല്പിതരൂപങ്ങളെ തകിടം മറിച്ചുകൊണ്ടാണ് ഈ എഴുത്തുകാരൻ ഇതു സാധ്യമാക്കുന്നത്.